**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1001** **29-08-2022 - ൽ മറുപടിയ്ക്ക്**

**ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്റ്റേർഡ് കോൺട്രാക്ടർമാർ വഴി വനം വകുപ്പ് നടത്തിയ ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വനം വിജിലൻസും സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരും അന്വേഷണം നടത്തുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്ത് വനംവകുപ്പ് നടത്തിയ ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വനം വിജിലൻസ് വിഭാഗം ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ) കോഴിക്കോട്/ കോട്ടയം എന്നിവരുടെ നേതൃത്വത്തിൽ ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർ വിശദമായ അന്വേഷണം നടത്തി വരുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരും അന്വേഷണവും, വെരിഫിക്കേഷനും തുടർനടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണങ്ങൾ ആരംഭിച്ചത് എന്നാണെന്ന് അറിയിക്കാമോ; | (ബി) | 20.05.2017ലെ (എം.എസ്) നമ്പർ 26/2017/വനം സർക്കാർ ഉത്തരവ് പ്രകാരമാണ് വനം വകുപ്പ് രജിസ്റ്റേർഡ് കോൺട്രാക്ടർമാർ വഴി ജണ്ട നിർമ്മാണം ആരംഭിച്ചത്. ആയതിനു ശേഷം ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ വനം വിജിലൻസ് വിഭാഗം അന്വേഷണം നടത്തി കഴമ്പുള്ള പരാതികളിൽ യഥാസമയം തുടർ നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത അന്വേഷണങ്ങൾ ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ) കോഴിക്കോട്/ കോട്ടയം എന്നിവരുടെ നേതൃത്വത്തിൽ 21.12.2021 മുതലാണ് ആരംഭിച്ചതെന്ന് വിജിലൻസ് വിഭാഗം അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കും; വിശദാംശം വ്യക്തമാക്കുമോ? | (സി) | വിവിധ ഡിവിഷനുകളിൽ അന്വേഷണം വിവിധ ഘട്ടങ്ങളിലാണ്. നിലവിൽ ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ സർക്കാർ നഷ്ടം ഈടാക്കുന്നതും അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതും അടക്കമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇത് സംബന്ധിച്ച അന്വേഷണം എത്രയും വേഗം പൂർത്തീകരിയ്ക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിയ്ക്കാൻ അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വിജിലൻസിനും അന്വേഷണത്തിലെ കണ്ടെത്തലുകളിൽ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കു ന്നതിന് അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ